**Athmaraksha.org**

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം-ജൂൺ

June 15



ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം: ജൂൺ 15

## ഈശോയുടെ ദിവ്യഹൃദയം ദാരിദ്ര്യം എന്ന സുകൃതത്തിന്റെ മാതൃക

ഒരു രാജകുമാരൻ കുല മഹിമയും ആഡംഭരവും സ്വമനസ്സാലെ ഉപേക്ഷിച്ചു മഹാ ദരിദ്രനായി ജീവിക്കുന്നതു കണ്ടാൽ അദ്ദേഹത്തിന്റെ ത്യാഗശീലത്തെക്കുറിച്ച് അത്ഭുതപ്പെടാത്തവർ കാണുകയില്ല. പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെ ആളും ലോകത്തിലെ എല്ലാ വസ്തുക്കളുടെയും മേൽ സർവ്വസ്വാതന്ത്ര്യവും സർവ്വ അധികാരവും ഉള്ള മിശിഹാ ദൈവത്വത്തിന്റെ സ്വർഗ്ഗീയ മഹിമയെ മറച്ചുവച്ചു മനുഷ്യസ്വഭാവം സ്വീകരിച്ചതിൽ അത്ഭുതപ്പെടാത്തവർ ആരെങ്കിലും ഉണ്ടോ? ആരിൽ നിന്നാണ് ദൈവകുമാരൻ മനുഷ്യസ്വഭാവം സ്വീകരിക്കുന്നത്. ഐശ്വര്യത്തിലും ബഹുമതിയിലും ഉന്നതി പ്രാപിച്ചിരിക്കുന്ന വ്യക്തികളിൽ നിന്നാകുന്നുവോ? തീർച്ചയായും അല്ല.
ശ്രേഷ്ഠകുലജാതയെങ്കിലും ലോകദൃഷ്ട്യാ അപ്രസിദ്ധയും ദരിദ്രയുമായ ഒരു കന്യകയാണ് അവിടുത്തെ മാതാവ്. പരിശുദ്ധാത്മാവിന്റെ പവിത്രദാനങ്ങളാൽ അവൾ അലംകൃതയാണ്. മനുഷ്യർക്കു പ്രാപ്യമായ വിശുദ്ധിയുടെ ഉന്നതപദവിയിൽ അവൾ എത്തിച്ചേർന്നിരുന്നു. ഈശോയുടെ ജനനസ്ഥലത്തെയും നമുക്കൊന്നു കണ്ണോടിക്കാം. തീർത്തും നിസ്സാരവും വൃത്തിശൂന്യവുമായ ഒരു കാലിക്കൂട്ടിൽ അവിടുന്നു ജാതനാകുന്നു. മൃഗങ്ങളുടെ ഇടയിലാണ് അവിടുന്ന്! പിറന്നു വീണത്.

മുപ്പതുവർഷത്തോളം ദീർഘിച്ച അവിടുത്തെ രഹസ്യജീവിതകാലം മുഴുവൻ അദ്ധ്വാനം ചെയ്താണ് ജീവിതത്തിനാവശ്യമായത് സമ്പാദിച്ചത്. വിശ്വപ്രസിദ്ധമായ മലയിലെ പ്രസംഗത്തിൽ അവിടുന്നു ആദ്യമായി ഉപദേശിച്ചത് ദാരിദ്ര്യത്തെപ്പറ്റിയായിരുന്നു. 'ആത്മാവിൽ ദരിദ്രർ ഭാഗ്യവാൻമാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.' ധനസുഖങ്ങളിൽ ഹൃദയം നിമഗ്നമാക്കാത്തവരെയാണ് അവിടുന്നു ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. രാജാധിരാജനും സകല ഐശ്വര്യങ്ങളുടെയും അധിപനായ മിശിഹായുടെ ദാരിദ്ര്യത്തിന്റെ

അഗാധത അറിയണമെങ്കിൽ ഗാഗുൽത്താ മലയിലേക്കു നമ്മുടെ കണ്ണുകൾ ഉയർത്തണം. ദൈവകുമാരന്റെ അരമന കപാലഗിരിയുടെ മുകളിൽ ദൃശ്യമാണ്.
മൂന്നാണികളാൽ !നിർമ്മിതമാണ് അവിടുത്തെ സിംഹാസനം. ദാഹത്താൽ വലഞ്ഞും, നഗ്നനായും, സഹായിക്കാനും സ്നേഹിക്കാനും ആളുകളില്ലാതെ പരിത്യക്തനായും അവിടുന്നു നമുക്കു ദൃശ്യമാകും. മനുഷ്യരോടുള്ള ദൈവത്തിന്റെ ഉൽകൃഷ്ടമായ സ്നേഹത്തിന്റെയും ഉദാത്തമായ ത്യാഗത്തിന്റെയും ബലിവേദിയാണ് ഗാഗുൽത്താ. സ്രഷ്ടാവിന്റെ ദാരിദ്ര്യം കാണുവാൻ ആഗ്രഹിക്കുന്നവർ കുരിശിലേക്കു കണ്ണുകളുയർത്തണം.

ദിവ്യനാഥന്റെ കാലടികളെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന നാം സാമ്പത്തികമായി ഉയർന്നവരോ, സാമൂഹ്യമേഖലയിൽ അഭിവൃദ്ധി പ്രാപിച്ചവരോ, മറ്റേതെങ്കിലും നിലയിൽ ഉൾപ്പെട്ടിരിക്കുന്നവരോ ആയിരുന്നാലും ശരി കുരിശിൽ തൂങ്ങിക്കിടക്കുന്ന ഈശോയുടെ ചിത്രം നമ്മുടെ കൺമുമ്പിൽ എപ്പോഴും ഉണ്ടായിരിക്കണം. നൈമിഷികങ്ങളായ സുഖങ്ങൾ നൽകുന്ന ലോകവസ്തുക്കളിൽ നിന്നെല്ലാം ശ്രദ്ധാപൂർവ്വം വിട്ടുമാറി നിത്യമായവയെ അന്വേഷിക്കുവാൻ നമുക്കു ശ്രമിക്കാം.

## ജപം

ദാരിദ്ര്യം എന്ന സുകൃതത്തിന്റെ മാതൃകയായ ഈശോയെ! അങ്ങയെ ഞാൻ ആരാധിക്കുന്നു. കാരുണ്യം നിറഞ്ഞ എന്റെ രക്ഷിതാവേ! എന്റെ ആഗ്രഹം മുഴുവനും ലോകവസ്തുക്കളിലും ബഹുമാനാദികളിലും ആയിരിക്കുന്നുവെന്നു അറിയുന്നതിൽ അങ്ങ് എത്രയധികം ഖേദിക്കുന്നു. പരിപൂർണ്ണമായ എന്റെ ഹൃദയത്തെ അങ്ങേ ദിവ്യഹൃദയത്തോടു താരതമ്യപ്പെടുത്തി നോക്കുന്നുവെങ്കിൽ എന്റെ ഹൃദയം അന്ധകാരത്താലും സകല വക ദുർഗുണങ്ങളാലും നിറഞ്ഞ ഒരു ഗുഹയാണെന്നതിൽ സംശയമില്ല. സ്നേഹം നിറഞ്ഞ എന്റെ ഈശോയെ! എന്നെ ദയാപൂർവ്വം അനുഗ്രഹിക്കണമേ. അങ്ങിലുള്ള ദിവ്യഹൃദയത്തിന്റെ പ്രകാശം എന്നിലുള്ള അന്ധകാരത്തെ നീക്കി എന്റെ എല്ലാ ആഗ്രഹങ്ങളെയും അഭിനിവേശങ്ങളെയും സംശുദ്ധമാക്കട്ടെ. അങ്ങിൽ മാത്രം എന്റെ ശരണം മുഴുവനും വയ്ക്കുന്നതിനും എന്റെ പൂർണ്ണശക്തിയോടുകൂടി അങ്ങയെ മാത്രം സ്നേഹിക്കുനതിനും അനുഗ്രഹം നൽകണമേ.

## പ്രാർത്ഥന

കർത്താവേ, അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തരുളേണമേ. ഞങ്ങളുടെ പിതാവായ പരിശുദ്ധ പാപ്പായെ സംരക്ഷിക്കണമേ. എല്ലാവരും അങ്ങേ ഏക സത്യസഭയെ അറിഞ്ഞ് ഏക ഇടയന്റെ കീഴാകുന്നതിന് വേഗത്തിൽ ഇടവരുത്തണമേ! നിർഭാഗ്യ പാപികളുടെമേൽ കൃപയായിരിക്കേണമേ. അനുഗ്രഹത്തിന്റെ അമ്മയായ മറിയമേ, ദിവ്യഹൃദയത്തിൻ നാഥേ! ഞാൻ അപേക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ സകല വരങ്ങളും അങ്ങേ ശക്തമായ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് അങ്ങു വഴിയായി ലഭിക്കുമെന്ന് പൂർണ്ണമായി ഉറച്ചിരിക്കുന്നു. ആമ്മേൻ. (3 സ്വർഗ്ഗ. 3 നന്മ. 3 ത്രി.)
സാധുശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ! ഞങ്ങളുടെ ഹൃദയവും അങ്ങേ ഹൃദയം പോലെ ആക്കണമേ.

## ഈശോമിശിഹായുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമേ,
നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമേ,
കന്യാസ്ത്രീ മാതാവിന്റെ തിരുവുദരത്തിൽ പരിശുദ്ധാരൂപിയാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവവചനത്തോടു കാതലായ വിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ ഈശോയുടെ തിരുഹൃദയമേ,
നന്മയും, സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ ഈശോയുടെ തിരുഹൃദയമേ,
സകല! പുകഴ്ചയ്ക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാൻമാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമേ,
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥിക്കാം

സർവശക്തനുമായ നിത്യനുമായ സർേവ്വശ്വരാ! അങ്ങേ എത്രയും പ്രിയമുള്ള പുത്രന്റെ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി അദ്ദേഹം അങ്ങേയ്ക്കു കാഴ്ച വെച്ച സ്തുതികളെയും പാപപരിഹാരങ്ങളെയും ഓർത്തു അങ്ങേ കൃപയെ യാചിക്കുന്നവർക്കു ദൈവമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ നിത്യമായി നിന്നോടുകൂടെ ജീവിച്ചു വാഴുന്ന അങ്ങേ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ കൃപയുള്ളവനായി പൊറുതി നൽകിയരുളണമേ. ആമ്മേൻ.

## സുകൃതജപം

ഈശോയുടെ ദിവ്യഹൃദയമേ! എല്ലാവരും നിന്നെ അറിഞ്ഞു സ്നേഹിക്കുന്നതിന് അനുഗ്രഹം തരണമേ.

## സൽക്രിയ

ഒരാൾക്ക് ഭിക്ഷ നൽകുക.

+++